## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .13 — 04.02.2013-ൽ മറുപടിക്ക്

# ട്രോളിംഗ് നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>,, ഇ. ചന്ദ്രശേഖരൻ<br>,, ഇ. കെ. വിജയൻ<br>,, ജി. എസ്. ജയലാൽ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർഷകാല ട്രോളിംഗ് നിരോധനസമ്പ്രദായം ഏർപ്പെടുത്തിയിട്ട് എത്ര വർഷമായി; ട്രോളിംഗ് നിരോധനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വർഷകാല ട്രോളിംഗ് നിരോധന സമ്പ്രദായം എർപ്പെടുത്തിയിട്ട് 25 വർഷമായി. മത്സ്യങ്ങളുടെ പ്രധാന പ്രജനനകാലമായ മൺസൂൺ കാലയളവിൽ മത്സ്യമുട്ടകളെയും മത്സ്യക്കുഞ്ഞുങ്ങളെയും സംരക്ഷിക്കുക വഴി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക, കാലാവസ്ഥാവ്യതിയാനം മൂലം കടൽ ക്ഷോഭം ശക്തമായതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഏർപ്പെടുത്തുക എന്നിവയാണ് ട്രോളിംഗ് നിരോധനത്തിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (ബി) ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഈ സമിതി പഠനവിധേയമാക്കുന്ന വിഷയങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (ബി) മത്സ്യസമ്പത്ത്/ട്രോളിംഗ് നിരോധനത്തിന്റെ പാർശ്വഫലങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിനായി ഫിഷറീസ് അഡീഷണൽ ഡയറക്ടർ ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സമിതി പഠന വിധേയമാക്കുന്ന വിഷയങ്ങൾ ചുവടെ ചേർക്കുന്നവയാണ്.<br>1) കേരള സംസ്ഥാനത്ത് കഴിഞ്ഞ 18 വർഷമായി നടപ്പിലാക്കി വരുന്ന മൺസൂൺ ട്രോളിംഗ് നിരോധനം സുസ്ഥിര മത്സ്യ സമ്പത്തിന് എത്രമാത്രം ഗുണകരമാണ് എന്ന് പരിശോധിക്കുക.<br>2) മത്സ്യബന്ധന രീതികളിലും അതിന്റെ പ്രവർത്തനങ്ങളിലും ഉണ്ടാകുന്ന മാറ്റങ്ങൾ സുസ്ഥിര സമ്പത്തിന് സ്വാധീനം ചെലുത്തുന്നുവെന്ന് വിശകലനം ചെയ്യുക. |

3) മത്സ്യബന്ധനയാനങ്ങളുടെ നീളവും ശക്തിയും തമ്മിലുള്ള ബന്ധ (length-power combination) ത്തെക്കുറിച്ചുള്ള മുൻ കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ വിശകലനം ചെയ്ത് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുക.

4) കേരള സംസ്ഥാന മത്സ്യ മേഖലയുടെ സുസ്ഥിരമായ വികസനത്തിൽ ഭരണപരവും നിയന്ത്രണാധീനവുമായ നടപടികൾ നിർദ്ദേശിക്കുക.

(സി) ട്രോളിംഗ് നിരോധനം ഉപേക്ഷിക്കുന്നത് മത്സ്യസമ്പത്തിൽ കാര്യമായ കുറവ് വരുത്തുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ട്രോളിംഗ് നിരോധനം ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നില്ല.

സെക്ഷൻ ഓഫീസർ